# 184/2023-M

Maximum : 100 marks

Time : 1 hour and 15 minutes

1. 'വാഴക്കുല' എന്ന കവിത എഴുതിയ കവിയുടെ പേര് :
   (A) വള്ളത്തോൾ (B) മഹാകവി ഉള്ളൂർ
   (C) ചങ്ങമ്പുഴ (D) കുമാരനാശാൻ

2. എന്നാണ് ലോകപരിസ്ഥിതി ദിനം ആചരിക്കുന്നത്?
   (A) ജൂൺ 5 (B) ജൂൺ 7
   (C) മാർച്ച് 8 (D) നവംബർ 1

3. കേരളത്തിന്റെ ദേശീയപക്ഷി ഏത്?
   (A) പ്രാവ് (B) മയിൽ
   (C) തത്ത (D) മലമുഴക്കി വേഴാമ്പൽ

4. അടുത്ത ഒളിമ്പിക്സ് നടക്കുന്നത് എവിടെ വച്ചാണ്?
   (A) അമേരിക്ക (B) പാരീസ്
   (C) ഇന്ത്യ (D) ജർമ്മനി

5. ബാണാസുര അണക്കെട്ട് ഏതു ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്?
   (A) കൊല്ലം (B) വയനാട്
   (C) കോട്ടയം (D) ആലപ്പുഴ

6. മുൻ ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ജന്മസ്ഥലം ഏത്?
   (A) ദില്ലി (B) ഒഡീസ്സ
   (C) രാമേശ്വരം (D) തഞ്ചാവൂർ

7. ആരാണ് കമ്പ്യൂട്ടർ കണ്ടുപിടിച്ചത്?
   (A) ചാൾസ് ബാബേജ് (B) ആദം ഓസ്ബോൺ
   (C) സ്റ്റീവ് ജോബ്സ് (D) റൊണാഡ് വായ്നേ

8. ശ്രീലങ്കയുടെ തലസ്ഥാനം ഏതാണ്?
   (A) ഇസ്ലാമാബാദ് (B) ബീജിംഗ്
   (C) കാഠ്മണ്ഡു (D) കൊളംബോ

9. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമേത്?
   (A) മഹാരാഷ്ട്ര (B) കർണ്ണാടക
   (C) തമിഴ്നാട് (D) രാജസ്ഥാൻ

10. നമ്മുടെ ഇപ്പോഴത്തെ ആരോഗ്യവകുപ്പു മന്ത്രി ആരാണ്?

(A) പ്രൊഫസർ ആർ. ബിന്ദു
(B) ശ്രീ. ആന്റണി രാജു
(C) ശ്രീമതി വീണ ജോർജ്ജ്
(D) ശ്രീ. കെ. കൃഷ്ണൻ കുട്ടി

11. ചില വ്യവസായ യൂണിറ്റുകളുടെ പേരുകളാണ് ചുവടെ :

(1) മാരുതി ഉദ്യോഗ്
(2) അമൂൽ
(3) ഓയിൽ ഇന്ത്യ
(4) റിലയൻസ് ഇൻഡസ്ട്രീസ്

ഇവയിൽ നിന്ന് സഹകരണ വ്യവസായത്തിന് ഉദാഹരണം കണ്ടെത്തുക :

(A) (1)
(B) (2)
(C) (3)
(D) (4)

12. സൂചനകൾ ശ്രദ്ധിക്കുക :

(1) ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യമേഖല ഇരുമ്പുരുക്ക് വ്യവസായശാലയാണ് വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്ക്സ് ലിമിറ്റഡ്.
(2) റൂർക്കേല സ്റ്റീൽ പ്ലാന്റ് റഷ്യയുടെ സാങ്കേതിക സഹായത്തോടെയാണ് സ്ഥാപിച്ചത്.

മേൽ സൂചനകളിൽ നിന്ന് ശരിയായ ഒപ്ഷൻ കണ്ടെത്തുക :

(A) (1) മാത്രം ശരി
(B) (2) മാത്രം ശരി
(C) രണ്ടും ശരിയാണ്
(D) രണ്ടും ശരിയല്ല

13. ചുവടെ നൽകിയിട്ടുള്ള സൂചനകളിൽ നിന്ന് പ്രാദേശിക വാതത്തിന്റെ പേര് തിരിച്ചറിയുക :

- ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഉഷ്ണക്കാറ്റ്
- ഉത്തരേന്ത്യൻ സമതലങ്ങളിൽ വേനലിന്റെ തീഷ്ണത വർദ്ധിപ്പിക്കുന്നു
- രാജസ്ഥാൻ മരുഭൂമിയിൽ നിന്ന് വീശുന്നു

(A) കാൽബൈശാഖി
(B) മാംഗോഷവർ
(C) വടക്ക്-കിഴക്കൻ മൺസൂൺ
(D) ലൂ

14. താഴെപ്പറയുന്ന അക്ഷാംശരേഖകളിൽ ഇന്ത്യയിലൂടെ കടന്നുപോകുന്ന/വ ഏതെന്ന്/ഏതെല്ലാമെന്ന് തിരിച്ചറിയുക :

(1) ഉത്തരായനരേഖ
(2) ഭൂമദ്ധ്യരേഖ
(3) ദക്ഷിണായനരേഖ
(4) ആർട്ടിക് വൃത്തം

(A) (1) മാത്രം
(B) (2) ഉം (3) ഉം
(C) (1) ഉം (2) ഉം (3) ഉം
(D) ഇവയെല്ലാം

15. പ്രസ്താവന :

- പടിഞ്ഞാറോട്ടൊഴുകുന്ന ഇന്ത്യൻ നദികൾ അറബിക്കടലിൽ പതിക്കുന്നു.

സൂചന :

(1) മഹാനദി

(2) പെരിയാർ

(3) താപ്തി

(4) ലൂണി

മേൽ സൂചനയിലെ നദികളിൽ നിന്ന് അറബിക്കടലിൽ പതിക്കുന്നവ കണ്ടെത്തുക :

(A) (1) ഉം (2) ഉം
(B) (1) ഉം (2) ഉം (3) ഉം
(C) (2) ഉം (3) ഉം
(D) (2) ഉം (3) ഉം (4) ഉം

16. ഇന്ത്യയിലെ ഏറ്റവും വലിയ മെട്രോ റെയിൽ ശൃംഖല താഴെ പറയുന്നവയിൽ ഏതാണ്?

(A) കൊൽക്കത്ത
(B) ഡൽഹി
(C) കൊച്ചി
(D) ചെന്നൈ

17. ഇന്ത്യയിലെ ആദ്യത്തെ വന്ദേ ഭാരത് എക്സ്പ്രസ്സ് ട്രെയിൻ താഴെപ്പറയുന്ന ഏതെല്ലാം നഗരങ്ങളെ ബന്ധിപ്പിച്ചാണ് ഓടുന്നത്?

(A) ന്യൂഡൽഹി-വരാണസി
(B) അജ്മീർ-ഡെൽഹി
(C) ചെന്നൈ-മൈസുരു
(D) ഗാന്ധിനഗർ-മുംബൈ

18. ഇന്ത്യയുമായി ഏറ്റവും അധികം അതിർത്തി പങ്കിടുന്ന രാജ്യം :

(A) ബംഗ്ലാദേശ്
(B) ചൈന
(C) പാക്കിസ്ഥാൻ
(D) നേപ്പാൾ

19. ബ്രഹ്മപുത്ര നദിയിൽ സദിയ മുതൽ ധുബ്രി വരെയുള്ള ദേശീയ ജലപാത അറിയപ്പെടുന്നത് :

(A) ദേശീയജലപാത - 1
(B) ദേശീയജലപാത - 3
(C) ദേശീയജലപാത - 2
(D) ദേശീയജലപാത - 5

20. ഇന്ത്യയിലെ ചില പ്രധാന അന്താരാഷ്ട്ര തുറമുഖങ്ങളാണ് ചുവടെ :

(1) നെവഷേവ

(2) പാരാദ്വീപ്

(3) ഹാൽഡിയ

(4) കണ്ട്ല

ഇവയിൽ നിന്ന് പശ്ചിമതീര തുറമുഖങ്ങൾ കണ്ടെത്തുക :

(A) (1) ഉം (2) ഉം
(B) (2) ഉം (3) ഉം
(C) (1) ഉം (4) ഉം
(D) ഇവയെല്ലാം

21. ഇന്ത്യൻ ഭരണഘടന ശില്പി എന്നറിയപ്പെടുന്നത് ആരെയാണ്?
   (A) ഡോ. ബി.ആർ. അംബേദ്ക്കർ
   (B) ജവഹർലാൽ നെഹ്റു
   (C) കെ.എം. മുൻഷി
   (D) ടി.ടി. കൃഷ്ണമാചാരി

22. ഇന്ത്യയിൽ ഭരണഘടനാ ദിനമായി ആചരിക്കുന്നതെന്ന്?
   (A) ആഗസ്റ്റ് 15
   (B) ഒക്ടോബർ 2
   (C) നവംബർ 26
   (D) ജനുവരി 26

23. ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് വിദ്യാഭ്യാസവകാശം ഉൾപ്പെടുത്തിയിരിക്കുന്നത്?
   (A) അനുച്ഛേദം 21 (A)
   (B) അനുച്ഛേദം 24
   (C) അനുച്ഛേദം 14
   (D) അനുച്ഛേദം 51 (A)

24. ഇന്ത്യൻ പാർലമെന്റ് ഏത് വർഷമാണ് ഭക്ഷ്യസുരക്ഷാ ബിൽ പാസ്സാക്കിയത്?
   (A) 2012
   (B) 2013
   (C) 2011
   (D) 2010

25. ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയുള്ള രാജ്യം ഏതാണ്?
   (A) അമേരിക്ക
   (B) ദക്ഷിണാഫ്രിക്ക
   (C) ബ്രസീൽ
   (D) ഇന്ത്യ

26. ഇന്ത്യയിൽ സ്വത്തവകാശം മൗലികാവകാശത്തിന്റെ ഭാഗമല്ലാതായിത്തീർന്നത് ഏത് ഭരണഘടനാ ഭേദഗതിയിലൂടെയാണ്?
   (A) 44-ാം ഭരണഘടനാ ഭേദഗതി
   (B) 42-ാം ഭരണഘടനാ ഭേദഗതി
   (C) 73-ാം ഭരണഘടനാ ഭേദഗതി
   (D) 86-ാം ഭരണഘടനാ ഭേദഗതി

27. ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന കോടതി ഏതാണ്?
   (A) ജില്ലാ കോടതി
   (B) സുപ്രീം കോടതി
   (C) സബ് കോടതി
   (D) ഹൈക്കോടതി

28. ഇന്ത്യൻ ഭരണഘടനയിൽ മൗലിക കർത്തവ്യങ്ങൾ ഏത് ഭാഗത്താണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്?
   (A) ഭാഗം IV (A)
   (B) ഭാഗം IV
   (C) ഭാഗം III (A)
   (D) ഭാഗം I

29. ഇന്ത്യൻ ഭരണഘടനയിൽ മൗലിക അവകാശങ്ങളിലെ ഏത് അനുച്ഛേദത്തിലാണ് സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉൾപ്പെടുത്തിയിരിക്കുന്നത്?
   (A) അനുച്ഛേദം 14
   (B) അനുച്ഛേദം 19
   (C) അനുച്ഛേദം 15
   (D) അനുച്ഛേദം 17

30. ലോക മനുഷ്യാവകാശ ദിനമായി ആചരിക്കുന്നതെന്ന്?
(A) നവംബർ 11
(B) ജനുവരി 26
(C) നവംബർ 10
(D) ഡിസംബർ 10

31. ഉപ്പ് സത്യാഗ്രഹം നടന്ന വർഷം :
(A) 1930
(B) 1921
(C) 1924
(D) 1942

32. മനുഷ്യൻ ആദ്യമായി ഉപയോഗിച്ച ലോഹം ഏത്?
(A) ഇരുമ്പ്
(B) ചെമ്പ്
(C) വെങ്കലം
(D) അലുമിനിയം

33. ഭൂമിയെക്കുറിച്ചുള്ള ശരിയായ പ്രസ്താവനകൾ ഏവ?
(a) ബഹിരാകാശത്ത് നിന്ന് നോക്കുമ്പോൾ നീലനിറം
(b) ജീവൻ നിലനില്ക്കുന്നതായി കണ്ടെത്തിയിട്ടുള്ള ഏകഗ്രഹം
(c) ഒരു ഉപഗ്രഹം - ചന്ദ്രൻ
(d) ഏറ്റവും വലിയ ഗ്രഹം
(e) ഏറ്റവും ചൂടുള്ള ഗ്രഹം
(A) (a), (c), (d)
(B) (b), (d), (e)
(C) (b), (c), (d)
(D) (a), (b), (c)

34. നിശബ്ദ താഴ്‌വര എന്നറിയപ്പെടുന്ന സൈലന്റ് വാലി ഏത് ജില്ലയിലാണ്?
(A) തൃശ്ശൂർ
(B) ആലപ്പുഴ
(C) ഇടുക്കി
(D) പാലക്കാട്

35. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി :
(A) പമ്പ
(B) പെരിയാർ
(C) കബനി
(D) കാവേരി

36. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ആദ്യത്തെ രക്തസാക്ഷി :
(A) ഭഗത്സിംഗ്
(B) മംഗൾപാണ്ഡെ
(C) ചന്ദ്രശേഖർ ആസാദ്
(D) വൈക്കം ഖാദർ

37. അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ സ്ഥാപകൻ :
(A) സർ സയ്യിദ് അഹമ്മദ് ഖാൻ
(B) മൊയ്യു മൗലവി
(C) മുഹമ്മദലി ജിന്ന
(D) ബദറുദ്ദീൻ തിയ്യാബ്ജി

38. 'പശ്ചിമ ബംഗാളും പൂർവ്വ ബംഗാളും ഒരു ഹൃദയത്തിന്റെ രണ്ട് അറകളാണ്' എന്ന് പറഞ്ഞ സാഹിത്യകാരൻ :
(A) ബങ്കിം ചന്ദ്ര ചാറ്റർജി
(B) രവീന്ദ്രനാഥ ടാഗോർ
(C) അബനീന്ദ്രനാഥ്
(D) സത്യജിത്ത് റേ

39. ബുദ്ധമത കേന്ദ്രങ്ങളോട് ചേർന്ന വിദ്യാലയങ്ങളെ ഏത് പേരിലാണ് അറിയപ്പെട്ടത്?
(A) പള്ളികൾ
(B) വിഹാരങ്ങൾ
(C) പാഠശാലകൾ
(D) പള്ളിക്കൂടങ്ങൾ

40. ബാലഗംഗാധര തിലകൻ ആരംഭിച്ച പത്രം ഏത്?
(A) രാജ്യസമാചാരം
(B) കേസരി
(C) സ്വദേശാഭിമാനി
(D) കൗമുദി

41. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ 'അന്നപൂർണ്ണ'യെ പറ്റിയുള്ള ശരിയായ പ്രസ്താവനകൾ ഏത്?
(1) സ്വന്തമായി വരുമാനമില്ലാത്ത 65 കഴിഞ്ഞവർക്ക് പ്രയോജനം.
(2) മാസം 10 kg അരി സൗജന്യമായി റേഷൻ കട വഴി ലഭിക്കുന്നു.
(3) നഗരങ്ങളിലെ തൊഴിൽ രഹിതർക്ക് പ്രയോജനം.
(4) നിശ്ചിത അളവിൽ പോഷകാഹാരം ലഭ്യമാക്കുന്നു.
(A) (1), (4)
(B) (2), (3)
(C) (3), (4)
(D) (1), (2)

42. ഹോം റൂൾ പ്രസ്ഥാനം ആരംഭിച്ച വനിത :
(A) സരോജിനി നായിഡു
(B) ആനിബസന്റ്
(C) അരുണ ആസഫലി
(D) ക്യാപ്റ്റൻ ലക്ഷ്മി

43. 2013-ൽ ലോകം ചുറ്റി സഞ്ചരിച്ച മലയാളി നാവികൻ :
(A) സാജൻ പ്രകാശ്
(B) സെബാസ്റ്റ്യൻ സേവ്യർ
(C) അഭിലാഷ് ടോമി
(D) മൈക്കൾ ഫിലിപ്പ്

44. സമപന്തിഭോജനം സംഘടിപ്പിച്ച സാമൂഹ്യ പരിഷ്കർത്താവ് :
(A) വൈകുണ്ഠ സ്വാമികൾ
(B) ചട്ടമ്പി സ്വാമി
(C) ശ്രീനാരായണ ഗുരു
(D) പണ്ഡിറ്റ് കറുപ്പൻ

45. ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ ഭാഗം :
(A) പൊൻമുടി
(B) നീലഗിരി
(C) ആനമുടി
(D) ബാണാസുര

46. ലണ്ടനിൽ നടന്ന മൂന്നു വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത ഇന്ത്യൻ നേതാവ് :
(A) ബി.ആർ. അംബേദ്ക്കർ
(B) രാജഗോപാലാചാരി
(C) ബാലഗംഗാധര തിലക്
(D) ഗാന്ധിജി

47. പ്രത്യക്ഷ രക്ഷാ ദൈവസഭ എന്ന സംഘടന രൂപീകരിച്ചതാര്?
(A) അർണോസ് പാതിരി
(B) പൊയ്കയിൽ കുമാരഗുരുദേവൻ
(C) കെ. കേളപ്പൻ
(D) മന്നത്ത് പത്മനാഭൻ

48. ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിൽ സ്ഥാനം ലഭിച്ച ആദ്യ മലയാളി ആര്?

(A) പി.ടി. ഉഷ
(B) ഷൈനി വിൽസൻ
(C) ഷെഫാലി
(D) മിന്നുമണി

49. താഴെപ്പറയുന്ന പ്രസ്താവനകളിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ശരിയായത് ഏത്?

(1) ഭക്ഷ്യസുരക്ഷ സർക്കാരിന്റെ നിയമപരമായ കടമയാണ്.
(2) ആവശ്യമുള്ളത്രയും പോഷകപ്രദവും ഗുണമേന്മയുള്ളതുമായ ഭക്ഷ്യവസ്തുക്കൾ മിതമായ വിലക്ക് എല്ലാപേർക്കും ഉറപ്പാക്കും.
(3) ഭക്ഷ്യവസ്തുക്കളുടെ ലഭ്യത പൗരന്റെ നിയമപരമായ അവകാശമാണ്.
(4) സബ്സിഡി കുറയ്ക്കുക

(A) (1), (3), (4)
(B) (2), (3), (4)
(C) (1), (2), (3)
(D) (1), (2), (4)

50. വില്ലുവണ്ടി സമരം നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് :

(A) അയ്യങ്കാളി
(B) പല്പു
(C) വക്കം അബ്ദുൾ ഖാദർ
(D) കുമാരഗുരു

51. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം എഴുതിയത് ആര്?

(A) ഡോ. അംബേദ്ക്കർ
(B) ജവഹർലാൽ നെഹ്റു
(C) വി.പി. മേനോൻ
(D) രാജേന്ദ്രപ്രസാദ്

52. "അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്" എന്ന നാടകത്തിന്റെ രചയിതാവ് :

(A) എം.ടി.
(B) അടൂർ ഗോപാലകൃഷ്ണൻ
(C) വയലാർ രാമവർമ്മ
(D) വി.ടി. ഭട്ടതിരിപ്പാട്

53. സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യനാണെന്ന് കണ്ടെത്തിയത് ആര്?

(A) ഐസക് ന്യൂട്ടൻ
(B) നിക്കോളാസ് കോപ്പർ നിക്കസ്
(C) ഗലീലിയോ
(D) തോമസ് ആൽവ എഡിസൻ

54. അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നത് ആര്?

(A) ഗാന്ധിജി
(B) മുഹമ്മദാലി ജിന്ന
(C) ഖാൻ അബ്ദുൾ ഗാഫർ ഖാൻ
(D) ദലൈലാമ

55. കേരളത്തിലെ ആദ്യത്തെ ആദിവാസി പഞ്ചായത്ത് ഏത്?

(A) ആദിച്ചനല്ലൂർ
(B) പെരുംമാട്ടി
(C) ഇടമലകുടി
(D) മുത്തങ്ങ

56. ലോക പരിസ്ഥിതി ദിനം എന്നാണ്?

(A) ഒക്ടോബർ 2
(B) ജൂൺ 5
(C) ജൂലൈ 5
(D) നവംബർ 14

57. ഇപ്പോഴത്തെ കേരള നിയമസഭാ സ്പീക്കർ ആര്?
   (A) എം.എൻ. ഷംസീർ
   (B) മുഹമ്മദ് റിയാസ്
   (C) എം.ബി. രാജേഷ്
   (D) വി.കെ. പ്രശാന്ത്

58. ക്വിറ്റ് ഇന്ത്യ സമരത്തിലെ നായിക എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെ?
   (A) സരോജിനി നായിഡു
   (B) ക്യാപ്റ്റൻ ലക്ഷ്മി
   (C) അരുണാ ആസഫലി
   (D) എ.വി. കുട്ടിമാളു അമ്മ

59. സമുദ്രനിരപ്പിന് താഴെ നെൽകൃഷി ചെയ്യുന്ന പ്രദേശം :
   (A) ചിറ്റൂർ
   (B) മാനന്തവാടി
   (C) നെല്ലിയാമ്പതി
   (D) കുട്ടനാട്

60. കാശ്മീർ ഇല്ലാത്ത ഇന്ത്യ കണ്ണില്ലാത്ത മനുഷ്യനെപ്പോലെയാണ് എന്നു പറഞ്ഞ മുഗൾ ചക്രവർത്തി ആര്?
   (A) അക്ബർ
   (B) ഷാജഹാൻ
   (C) ജഹാംഗീർ
   (D) ഔറംഗസീബ്

61. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി ഏത്?
   (A) മാലിയസ്
   (B) സ്റ്റേപ്പിസ്
   (C) റേഡിയസ്
   (D) ഇൻകസ്

62. ഏത് പോഷകഘടകത്തിന്റെ കുറവ് മൂലമാണ് സ്കർവ്വി എന്ന രോഗം ഉണ്ടാകുന്നത്?
   (A) ജീവകം A
   (B) ജീവകം D
   (C) ജീവകം B
   (D) ജീവകം C

63. എലിപ്പനിക്ക് കാരണമായ രോഗകാരി ഏത്?
   (A) വൈറസ്
   (B) ഫംഗസ്
   (C) ബാക്ടീരിയ
   (D) പ്രോട്ടോസോവ

64. മസ്തിഷ്കമരണം സംഭവിച്ചവരുടെ അവയവങ്ങൾ ദാനം ചെയ്യാനുള്ള സംസ്ഥാന ആരോഗ്യ വകുപ്പിലെ പദ്ധതി :
   (A) മൃതസഞ്ജീവനി
   (B) മാതൃകിരണം
   (C) ആയുർദളം
   (D) ശ്രുതിതരംഗം

65. വായുവിലൂടെ പകരുന്ന ഒരു രോഗമാണ് :
   (A) ഡെങ്കിപനി
   (B) ജലദോഷം
   (C) എലിപ്പനി
   (D) കോളറ

66. 1972 ൽ അമേരിക്കയിൽ ഡി.ഡി.ടി. നിരോധിക്കാൻ കാരണമായ പുസ്തകം ഏത്?

(A) അമേരിക്കൻ വാർ
(B) ദ ഗ്രീൻ ബ്രെയ്ൻ
(C) സൈലന്റ് സ്പ്രിംഗ്
(D) ദ വിന്റർ വാൾട്ട്

67. താഴെ തന്നിരിക്കുന്നവയിൽ സങ്കര ഇനം പാവൽ ഏത്?

(A) ജ്യോതിക
(B) പ്രിയങ്ക
(C) അക്ഷയ
(D) ശ്വേത

68. ശാസ്ത്രീയമായി തേനീച്ച വളർത്തുന്ന രീതിയാണ് :

(A) സെറികൾച്ചർ
(B) ക്യൂണികൾച്ചർ
(C) പിസികൾച്ചർ
(D) എപ്പികൾച്ചർ

69. സൈലന്റ് വാലി ദേശീയോദ്ധ്യാനത്തിൽ സംരക്ഷിക്കുന്ന വംശനാശഭീഷണി നേരിടുന്ന ജീവി ഏത്?

(A) സിംഹവാലൻ കുരങ്ങ്
(B) വെരുക്
(C) വരയാട്
(D) മലമുഴക്കി വേഴാമ്പൽ

70. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതിചെയ്യുന്നത് എവിടെ?

(A) കോന്നി
(B) പീച്ചി
(C) മുത്തങ്ങ
(D) ചിമ്മിനി

71. ആറ്റോമിക സിദ്ധാന്തവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന ആശയങ്ങളിൽ നിന്നുള്ള ശരിയായ ജോഡി തെരഞ്ഞെടുക്കുക :

(i) രാസപ്രവർത്തന വേളയിൽ ആറ്റത്തെ വിഭജിക്കാൻ കഴിയും.
(ii) എല്ലാ പദാർത്ഥങ്ങളും ആറ്റം എന്നു പറയുന്ന അതിസൂക്ഷ്മകണങ്ങളാൽ നിർമ്മിതമാണ്.
(iii) ഒരു മൂലകത്തിന്റെ ആറ്റങ്ങളെല്ലാം ഗുണത്തിലും വലുപ്പത്തിലും മാസിലും സമാനമായിരിക്കും.
(iv) രാസപ്രവർത്തനത്തിൽ ഏർപ്പെടാൻ കഴിയുന്ന ഏറ്റവും ചെറിയ കണികയാണ് ആറ്റം.

Options :

(A) (i) & (ii)
(B) (i) & (iii)
(C) (ii) & (iii)
(D) (i) & (iv)

72. പീരിയോഡിക് ടേബിളിലെ ക്രമാവർത്തന പ്രവണതയുമായി ബന്ധപ്പെട്ട് തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

(A) ഗ്രൂപ്പിൽ മുകളിൽ നിന്നും താഴോട്ട് വരുമ്പോൾ ആറ്റത്തിന്റെ വലുപ്പം കുറയുന്നു
(B) പിരിയഡിൽ ഇടത്തുനിന്ന് വലത്തോട്ട് വരുമ്പോൾ ലോഹസ്വഭാവം കുറയുന്നു
(C) പിരിയഡിൽ ഇടത്തുനിന്നും വലത്തോട്ട് വരുമ്പോൾ ആറ്റത്തിന്റെ വലുപ്പം കൂടുന്നു
(D) ഗ്രൂപ്പിൽ മുകളിൽ നിന്നും താഴോട്ട് വരുമ്പോൾ ലോഹസ്വഭാവം കുറയുന്നു

73. ചുവടെ തന്നിരിക്കുന്നവയിൽനിന്ന് ഓക്സിജന്റെ പ്രത്യേകതകളുമായി ബന്ധപ്പെട്ട് ശരിയായത് തെരഞ്ഞെടുക്കുക :

(A) നിറം ഇല്ല, ഗന്ധം ഇല്ല, കത്തുന്നു
(B) ഗന്ധം ഇല്ല, ജലത്തിൽ ലയിക്കുന്നില്ല, നിറം ഉണ്ട്
(C) കത്താൻ സഹായിക്കുന്നു, ജലത്തിൽ ലയിക്കുന്നു, ഗന്ധം ഉണ്ട്
(D) ജലത്തിൽ ലയിക്കുന്നു, കത്താൻ സഹായിക്കുന്നു, നിറം ഇല്ല

74. അലുമിനിയത്തിന്റെ അയിര് —————— ആണ്.

(A) ബോക്സൈറ്റ് (B) ഹേമറ്റൈറ്റ്
(C) കുപ്രൈറ്റ് (D) കലാമിൻ

75. കാഡ്മിയം സൾഫൈഡ് ഗ്ലാസ്സിന് കൊടുക്കുന്ന നിറമെന്ത്?

(A) മഞ്ഞ (B) പച്ച
(C) നീല (D) കറുപ്പ്

76. മാസുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക :

(i) പദാർത്ഥത്തിലടങ്ങിയിരിക്കുന്ന ദ്രവ്യത്തിന്റെ ആകെ അളവ്.
(ii) പ്രപഞ്ചത്തിൽ എല്ലായിടത്തും ഇത് സ്ഥിരമായിരിക്കും.
(iii) ഇതിന്റെ യൂണിറ്റ് കിലോഗ്രാമാണ്.
(iv) ഇതിന്റെ യൂണിറ്റ് ന്യൂട്ടൻ ആണ്.

(A) പ്രസ്താവന (i), (iv) (B) പ്രസ്താവന (i), (ii), (iv)
(C) പ്രസ്താവന (ii), (iii), (iv) (D) പ്രസ്താവന (i), (ii), (iii)

77. വാഹനം ഓടിക്കുമ്പോൾ ഡ്രൈവർക്ക് പിന്നിൽ നിന്ന് വരുന്ന വാഹനങ്ങൾ കാണാൻ ഉപയോഗിക്കുന്ന ദർപ്പണം ഏതാണ്?

(A) കോൺവെക്സ് ദർപ്പണം (B) കോൺകേവ് ദർപ്പണം
(C) സമതല ദർപ്പണം (D) ഇവയൊന്നുമല്ല

78. ആദ്യസ്ഥാനത്തുനിന്ന് അന്ത്യസ്ഥാനത്തേക്കുള്ള നേർരേഖാദൂരമാണ് :

(A) പ്രവേഗം (B) സ്ഥാനാന്തരം
(C) വേഗത (D) ത്വരണം

79. ഊർജ്ജത്തിന്റെ യൂണിറ്റാണ് :

(A) മീറ്റർ (B) സെക്കന്റ്
(C) ജൂൾ (D) പ്രകാശവർഷം

80. വികിരണം വഴിയുള്ള താപപ്രേഷണവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക :

(i) തന്മാത്രകളുടെ യഥാർത്ഥത്തിലുള്ള സ്ഥാനമാറ്റം ഇല്ലാതെ താപം പ്രേഷണം ചെയ്യപ്പെടുന്നു.
(ii) തന്മാത്രകളുടെ യഥാർത്ഥ സ്ഥാനമാറ്റം മുഖേന താപം പ്രേഷണം ചെയ്യപ്പെടുന്നു.
(iii) മാധ്യമത്തിന്റെ സഹായമില്ലാതെ താപം പ്രേഷണം ചെയ്യപ്പെടുന്നു.

(A) പ്രസ്താവന (i) (B) പ്രസ്താവന (ii)
(C) പ്രസ്താവന (iii) (D) ഇവയൊന്നുമല്ല

**81.** 0.01 നെ ഏതു സംഖ്യ കൊണ്ട് ഗുണിച്ചാൽ 0.0001 കിട്ടും?

(A) 100 (B) 0.001
(C) 0.01 (D) 10

**82.** ഒരു വരിയിൽ 50 cm അകലത്തിൽ ചെടികൾ നട്ടു. ഒന്നാമത്തെ ചെടിയും പതിനൊന്നാമത്തെ ചെടിയും തമ്മിലുള്ള അകലം എത്ര?

(A) 400 cm (B) 500 cm
(C) 550 cm (D) 450 cm

**83.** 28 × 25 ന് തുല്യമായത് ഏത്?

(A) 23 × 26 (B) 100 × 4
(C) 24 × 27 (D) 100 × 7

**84.** ഒരു ക്ലാസ്സിലെ 40 കുട്ടികളുടെ ശരാശരി വയസ്സ് 10 ആണ്. ടീച്ചറെയും കൂടി ചേർത്തപ്പോൾ ശരാശരി വയസ്സ് 11 ആയി. ടീച്ചറുടെ വയസ്സ് എത്രയാണ്?

(A) 40 (B) 41
(C) 51 (D) 50

**85.** $\sqrt{10.89}$ എത്രയാണ്?

(A) 4.3 (B) 3.3
(C) 2.3 (D) 3.9

**86.** ഒരു പാത്രത്തിൽ $\frac{3}{4}$ ഭാഗം വെള്ളമെടുത്തപ്പോൾ $1\frac{1}{2}$ ലിറ്ററായി. പാത്രത്തിൽ നിറയെ വെള്ളമെടുത്താൽ എത്ര ലിറ്ററാകും?

(A) 4 (B) 3
(C) 1 (D) 2

**87.** 36, 50, 75 എന്നീ സംഖ്യകളുടെ LCM എത്ര?

(A) 2700 (B) 900
(C) 1800 (D) 3750

**88.** 25,000 രൂപയ്ക്ക് വാങ്ങിയ അലമാര 23,000 രൂപയ്ക്ക് വിറ്റാൽ നഷ്ടം എത്ര ശതമാനം?

(A) 2% (B) 6%
(C) 8% (D) 9%

**89.** 1 മുതൽ തുടർച്ചയായ 25 ഒറ്റ സംഖ്യകളുടെ തുക എത്ര ആണ്?

(A) 500 (B) 625
(C) 650 (D) 320

**90.** ഒരു തീവണ്ടി 54 കി.മീ./മണിക്കൂർ വേഗത്തിൽ സഞ്ചരിക്കുന്നു. 3 മിനിട്ട് കൊണ്ട് ഈ തീവണ്ടി എത്ര ദൂരം സഞ്ചരിക്കും?

(A) 900 m (B) 2700 m
(C) 540 m (D) 2400 m

91. 50 ആളുകൾ വരിയായി നില്ക്കുന്നു. ഇതിൽ ഒരറ്റത്ത് നിന്ന് 25-ാമത്തെ സ്ഥാനത്താണ് രാജേഷ് നില്ക്കുന്നത്. മറ്റേ അറ്റത്തു നിന്ന് രാജേഷ് എത്രാമത്തെ സ്ഥാനത്താണ് നില്ക്കുന്നത്?

(A) 24 (B) 25
(C) 26 (D) 27

92. 2, 3, 5, 9 ഇവയിലെ ഒറ്റയാനെ കണ്ടെത്തുക :

(A) 2 (B) 5
(C) 3 (D) 9

93. 2, 4, 7, 14, 17, 34, 37, —, 77 ഇവിടെ വിട്ടുപോയ സംഖ്യ ഏത്?

(A) 71 (B) 74
(C) 76 (D) 73

94. RECTANGLE എന്ന വാക്കിനെ SFDUBOHMF എന്നാണ് സൂചിപ്പിക്കുന്നതെങ്കിൽ USJBOHMF എന്നത് സൂചിപ്പിക്കുന്നത് താഴെ പറയുന്നതിൽ ഏത് വാക്കിനെ ആണ്?

(A) ANGLE (B) SQUARE
(C) TRIANGLE (D) LINE

95. GUITAR = 76 ആയാൽ SITAR = എത്ര?

(A) 80 (B) 67
(C) 77 (D) 70

96. ഒരാൾ വീട്ടിൽ നിന്നും 400 m കിഴക്കോട്ടും 800 m വടക്കോട്ടും 600 m പടിഞ്ഞാറോട്ടും 800 m തെക്കോട്ടും സഞ്ചരിച്ചാൽ വീട്ടിൽ നിന്നും എത്ര മീറ്റർ അകലെ ആണ്?

(A) 400 m (B) 800 m
(C) 200 m (D) 600 m

97. $\div = +,\ + = \times,\ \times = -,\ - = \div$ എന്നിങ്ങനെ ആയാൽ $60 \div 7 + 6 \times 10 - 5$ എത്ര?

(A) 102 (B) 100
(C) 104 (D) 105

98. അമ്മയുടെ പ്രായം മകളുടെ പ്രായത്തിന്റെ 4 മടങ്ങാണ് 20 വർഷത്തിന് ശേഷം അമ്മയുടെ പ്രായം മകളുടെ പ്രായത്തിന്റെ ഇരട്ടി ആയാൽ ഇപ്പോൾ അമ്മയുടെ പ്രായം എത്ര?

(A) 30 (B) 40
(C) 60 (D) 50

99. ബന്ധപ്പെട്ട പദജോഡി എടുത്തെഴുതുക :
ന്യൂമോണിയ : ശ്വാസകോശം : : ഗ്ലോക്കോമ :

(A) കരൾ (B) തൈറോയ്ഡ് ഗ്ലാൻഡ്
(C) കണ്ണുകൾ (D) മസ്തിഷ്കം

100. ഫോട്ടോയിലുള്ള പുരുഷനെ ചൂണ്ടിക്കാണിച്ചു മാലതി പറഞ്ഞു അയാളുടെ ഭാര്യ എന്റെ അച്ഛന്റെ ഒരേ ഒരു മകളാണ്. മാലതിക്ക് അയാളുമായുള്ള ബന്ധം എന്ത്?

(A) അമ്മാവൻ (B) മകൻ
(C) ഭർത്താവ് (D) സഹോദരൻ

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**